**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 211** **25-06-2024 - ൽ മറുപടിയ്ക്ക്**

**മത്സ്യ വിഭവ മാനേജ്മെന്റ് കൗൺസിലുകളുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ,<br>ശ്രീ വി ജോയി,<br>ശ്രീ. പി. നന്ദകുമാർ,<br>ശ്രീ. എം.വിജിൻ** | | **ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | പുതുതായി രൂപീകരിക്കപ്പെട്ട മത്സ്യ വിഭവ മാനേജ്മെന്റ് കൗൺസിലുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | മത്സ്യവിഭവ മാനേജ്മെന്റ് കൗൺസിലുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ട്. സമുദ്ര മത്സ്യബന്ധനത്തിന്റെ ഫലപ്രദമായ നടത്തിപ്പിനും, നിരീക്ഷണത്തിനും സുസ്ഥിരമായി മത്സ്യസമ്പത്ത് പരിപാലിക്കുന്നതിനും വേണ്ടിയുള്ള 1980-ലെ കേരള മറൈൻ ഫിഷിംഗ് റഗുലേഷൻ ആക്ടിൽ (കെ.എം.എഫ്.ആർ.എ) കാലോചിതമായ ഭേദഗതികൾ വരുത്തി ഗസറ്റ് വിജ്ഞാപനം വഴി ഒരു ത്രിതല സംവിധാനമായാണ് ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകൾ രൂപീകൃതമായിട്ടുള്ളത്. പ്രസ്തുത ത്രിതല സംവിധാനം നടപ്പിലാക്കുന്ന ആദ്യ സംസ്ഥാനമാണ് കേരളം. ആയത് താഴെപ്പറയും പ്രകാരമാണ്.<br><br>എ. ഫിഷിംഗ് വില്ലേജ് മാനേജ്മെന്റ്<br><br>കൗൺസിൽ<br><br>ബി. ജില്ലാ ഫിഷറീസ് മാനേജ്മെന്റ്<br><br>കൗൺസിൽ<br><br>സി. സംസ്ഥാന ഫിഷറീസ് മാനേജ്മെന്റ്<br><br>കൗൺസിൽ<br><br>സംസ്ഥാനതലത്തിലും ജില്ലാതലത്തിലും, 211 മത്സ്യഗ്രാമങ്ങൾ കേന്ദ്രീകരിച്ചും ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകൾ നിശ്ചിത ഇടവേളകളിൽ യോഗങ്ങൾ ചേരുകയും |

| | | | |
|---|---|---|---|
| | | | തീരുമാനങ്ങൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തു വരുന്നു.<br><br>2021-22 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ 'Marine Fishing Practices' എന്ന പദ്ധതിയുടെ ഒരു ഘടകമായ പരിശീലന ബോധവൽക്കരണ പരിപാടി (Training and Awareness Programme) പ്രകാരം 9 തീരദേശ ജില്ലകളിൽ 18 ബാച്ചുകളിലായി 540 മത്സ്യത്തൊഴി ലാളികൾക്ക് പരിശീലനം നൽകിയിട്ടുണ്ട്. ,7,00,000/- രൂപ (എഴ് ലക്ഷം രൂപ മാത്രം) ഇതിനായി ചെലവഴിച്ചു.<br><br>2022-23 സാമ്പത്തിക വർഷത്തിൽ 9 തീരദേശ ജില്ലകളിൽ 60 ബാച്ചുകളിലായി 2519 മത്സ്യത്തൊഴിലാളികൾക്ക് സുസ്ഥിര മത്സ്യബന്ധനം, മത്സ്യത്തൊഴിലാളികളുടെ സുരക്ഷ എന്നിവ സംബന്ധിച്ച ചട്ടങ്ങൾക്കും അതുമായി ബന്ധപ്പെട്ട വിഷയങ്ങൾക്കും മത്സ്യത്തൊഴിലാളികളുടെ ഇടയിൽ പ്രചാരം നൽകുന്നതിന് ബോധവൽക്കരണ പരിപാടികളും സംഘടിപ്പിച്ചു. 12 ലക്ഷം രൂപ ഇതിനായി ചെലവഴിച്ചു.<br><br>2023-24 വർഷത്തിൽ 100 ബാച്ചുകളിലായി 5900 മത്സ്യത്തൊഴിലാളികൾക്ക് പരിശീലനം നൽകി. ഇതിനായി 20 ലക്ഷം രൂപ ചെലവഴിച്ചു. |
| (ബി) | പ്രസ്തുത കൗൺസിലുകൾ ശക്തിപ്പെടുത്തുന്നതിന് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (ബി) | 2024-25 വർഷത്തിൽ കൗൺസിലുകളുടെ കാര്യക്ഷമമായ പ്രവർത്തനം ലക്ഷ്യമിട്ടുകൊണ്ട് ജില്ലാതല കൗൺസിലുകളിലെയും വില്ലേജ്തല കൗൺസിലുകളിലെയും അംഗങ്ങളെ ഉൾപ്പെടുത്തിയുള്ള മൂന്ന് മേഖലാതല സെമിനാറുകൾ സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. മത്സ്യസമ്പത്തിന്റെ സംരക്ഷണം ഉറപ്പാക്കുന്നതിന് മത്സ്യത്തൊഴിലാളികൾക്കിടയിലും അതുപോലെ സാധാരണ ജനങ്ങൾക്കിടയിലും അവബോധം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ വിവിധതരം ബ്രോഷറുകൾ ലഘു വീഡിയോകൾ എന്നിവ തയ്യാറാക്കി പ്രദർശിപ്പിക്കുന്നതിനും നടപടി സ്വീകരിക്കും. കൂടാതെ കൗൺസിലിന്റെ പ്രധാന കർത്തവ്യമായ ഫിഷറീസ് മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കുന്നതിനാവശ്യമായ പ്രാരംഭ പ്രവർത്തനങ്ങളും നടത്തി വരുന്നു. |

| | | | |
|---|---|---|---|
| | | | കൗൺസിലിന്റെ പ്രവർത്തനം കാര്യ ക്ഷമമാക്കുന്നതിനായി 2024-25 സാമ്പത്തിക വർഷത്തിൽ 44 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (സി) | സംസ്ഥാനതല മാനേജ്മെന്റ് കൗൺസിലിൽ മത്സ്യഫെഡ്, മത്സ്യബോർഡ് പ്രതിനിധികളെക്കൂടി പ്രത്യേക ക്ഷണിതാക്കളാക്കുവാൻ നടപടി സ്വീകരിക്കുമോ? | (സി) | മത്സ്യബോർഡ്, മത്സ്യഫെഡ് എന്നീ സ്ഥാപനങ്ങളിലെ പ്രതിനിധികളെ സ്റ്റേറ്റ് ഫിഷറീസ് മാനേജ്മെന്റ് കൗൺസിൽ യോഗത്തിൽ പങ്കെടുപ്പിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ